(ഇ) പോലീസ് വെരിഫിക്കേഷൻ, നെറ്റ്/പി.എച്ച്.ഡി. വെരിഫിക്കേഷൻ, പി.എസ്.സി. വെരിഫിക്കേഷൻ എന്നിവയുടെ റിപ്പോർട്ട് ലഭിക്കാനുള്ള കാലതാമസം കാരണമാണ് സമയ ബന്ധിതമായി സർവ്വീസ് റെഗുലറൈസ് ചെയ്യുവാൻ കഴിയാത്തത്.

(എഫ്) റെഗുലറൈസേഷൻ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) പോലീസ് വെരിഫിക്കേഷൻ, നെറ്റ് വെരിഫിക്കേഷൻ, പി.എസ്.സി. വെരിഫിക്കേഷൻ എന്നിവയുമായി ബന്ധപ്പെട്ട് കാലതാമസം കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ സമഗ്ര പുരോഗതിക്കായുള്ള നടപടികൾ

19 (1036) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏക എഞ്ചിനീയറിംഗ് കോളേജായ ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ സമഗ്ര പുരോഗതിക്കായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ഓരോ പ്രവർത്തിയുടെയും വിശദാംശവും ചെലവഴിച്ചതും അനുവദിച്ചതുമായ തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കോളേജിൽ നിലവിൽ എത്ര കോഴ്സുകൾ ഉണ്ട് ; ഏതെല്ലാം പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ സമഗ്ര പുരോഗതിക്കായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ആൺകുട്ടികളുടെ താമസ സൗകര്യാർത്ഥം ബോയ്സ് ഹോസ്റ്റൽ 5 കോടി രൂപ ചെലവിൽ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

2. വിദ്യാർത്ഥികളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനായി 24,67,170 രൂപയ്ക്ക് കോളേജിന് ഒരു ബസ് അനുവദിച്ചു (ആകെ 6 ബസ്സുകൾ നിലവിലുണ്ട്.)

LIBRARY ARCHIVES Kerala Legislative Assembly

3. സാങ്കേതിക വിദ്യയിൽ പരിശീലനം നൽകി സംരംഭകരെ സഹായിക്കുന്നതിനായി ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്റർ 2014 മുതൽ കോളേജിൽ പ്രവർത്തിച്ചുവരുന്നു. 2014-15 ൽ അനുവദിച്ച 4.5 ലക്ഷം രൂപ ഉപയോഗിച്ച് റ്റി.ബി.ഐ.-യ്ക്ക് ആവശ്യമായ ഓഫീസും ടെയിനിങ്ങ് സെന്ററും സജ്ജീകരിച്ചിട്ടുണ്ട്.

4. 2012-ൽ അനുവദിക്കപ്പെട്ട മെക്കാനിക്കൽ ബ്രാഞ്ചിന് ആവശ്യമായ വർക്ക്ഷോപ്പുകളും ലാബുകളും ക്രമീകരിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിൽ 58,88,481 രൂപ അനുവദിക്കുകയും ടി ഇക ഉപയോഗിച്ച് ലെയ്ത്ത് മെഷീൻ ലാബ്, കാഡ് ലാബ്, മെഷീൻ ലാബ് തുടങ്ങിയവ സജ്ജീകരിച്ച കഴിഞ്ഞു.

5. പുതിയതായി നിർമ്മിക്കപ്പെട്ട ലേഡീസ് ഹോസ്റ്റലിൽ 10 ലക്ഷം രൂപ ചെലവഴിച്ച് വിദ്യാർത്ഥിനികളുടെ സൗകര്യാർത്ഥം ഒരു കമ്പ്യൂട്ടർ സെന്റർ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്.

6. സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി കമ്പ്യൂട്ടറുകളും അനുബന്ധ സൗകര്യങ്ങളും ഉപയോഗിക്കുന്നതിനായി 14,02,681 രൂപ ചെലവിൽ സെന്റർ ഫോർ കമ്പ്യൂട്ടർ ഫെസിലിറ്റി സെന്ററിലേയ്ക്ക് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.

7. 390 ലക്ഷം രൂപ ചെലവഴിച്ച് നബാർഡ് നിർമ്മിച്ച ലേഡീസ് ഹോസ്റ്റൽ 2013-ൽ നിർമ്മാണം പൂർത്തീകരിക്കപ്പെട്ട് 100-ൽ പരം വിദ്യാർത്ഥിനികൾക്ക് താമസ സൗകര്യം ലഭ്യമാക്കി.

8. താൽക്കാലിക ആവശ്യങ്ങൾക്കായി നിർമ്മിക്കപ്പെട്ടിരുന്ന സെമി പെർമനന്റ് കെട്ടിടങ്ങൾ നവീകരിച്ച് ആൺകുട്ടികളുടെ താമസ സൗകര്യത്തിന് ഉതകുന്നവിധം പരിവർത്തനം ചെയ്ത് ഉപയോഗ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിനായി 5 ലക്ഷം രൂപ ചെലവഴിച്ചു.

9. പാലക്കാട് മുൻ എം. പി. ശ്രീ. എൻ. എൻ. കൃഷ്ണദാസിന്റെ പ്രാദേശിക വികസന നിധി ഉപയോഗിച്ച് കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി നിർമ്മിച്ചിരുന്ന കെട്ടിടം മോടിപിടിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാഫ് ഹോസ്റ്റലാക്കി മാറ്റിയിട്ടുണ്ട്. ഈ ആവശ്യത്തിനായി അനുവദിച്ചിരുന്ന 20.50 ലക്ഷം രൂപ ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പാണ് ഈ നവീകരണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചത്.

10. 2011-ൽ ഈ സ്ഥാപനത്തിന് കമ്പ്യൂട്ടർ സയൻസിൽ ഒരു എം.ടെക് കോഴ്സും 2012 -ൽ മെക്കാനിക്കൽ വിഭാഗം ബി.ടെക് കോഴ്സും അനുവദിച്ചു.

(ബി) നിലവിൽ ഈ സ്ഥാപനത്തിൽ ബി.ടെക്-ൽ കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ്, ഐ.റ്റി., മെക്കാനിക്കൽ കോഴ്സുകളും എം.ടെക്-ൽ കമ്പ്യൂട്ടർ സയൻസ് കോഴ്സുകളുമുണ്ട്. ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ ബി.ടെക്ക് കോഴ്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്.

മഹാത്മാഗാന്ധി സർവകലാശാല അദ്ധ്യാപക നിയമനം

20 (1037) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി സർവ്വകലാശാല നിയമന അംഗീകാരം നൽകിയ കോതമംഗലം എം.എ. കോളേജ് കോമേഴ്സ് വിഭാഗം അദ്ധ്യാപകനായ ശ്രീ. സജിൻ പോളിന്റെ നിയമനം അംഗീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) 2011-ൽ നിയമനം ലഭിച്ച ശ്രീ. സജിൻ പോളിന്റെ നിയമനം അംഗീകരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കോളേജുകൾക്ക് സ്വയംഭരണ പദവി

21 (1038) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏത്ര കോളേജുകൾക്ക് സ്വയംഭരണ പദവി ലഭിച്ചിട്ടുണ്ട് ; അതിന്റെ ലിസ്റ്റ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly